പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

അടിയന്തര ചോദ്യം-I

17.12.2015 ൽ മറുപടിക്ക്

# റോഡ് അപകടനിവാരണ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു: | | തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പുമന്ത്രി) | |
| (എ) | റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനു വേണ്ടി നിയോഗിക്കപ്പെട്ട ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; | (ബി) | റിപ്പോർട്ടിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി പുരുഷൻമാർക്ക് 20 വയസ്സും സ്ത്രീകൾക്ക് 21 വയസ്സും ആയി നിശ്ചയിക്കുക, സ്ക്കൂൾ വിദ്യാർത്ഥികൾ ഉപയോഗിക്കുന്ന വാഹനങ്ങളിൽ 'സ്റ്റുഡൻസ് വെഹിക്കിൾ' എന്ന സ്റ്റിക്കർ പതിപ്പിക്കുക;<br>2. അഞ്ച് വർഷത്തെ ഡ്രൈവിംഗ് പരിചയം ലഭിച്ചതിനുശേഷം മാത്രം ഡ്രൈവർമാരെ ദേശീയ പാതകളിൽ വാഹനം ഓടിക്കാൻ അനുവദിക്കുക;<br>3. ദേശീയ പാതകൾ കുറഞ്ഞത് നാലുവരി പാതകളായും സംസ്ഥാന പാതകൾ രണ്ടുവരിപാതകളായും നിർമ്മിക്കുക;<br>4. പൊതു നിരത്തുകളിൽ പരമാവധി വേഗത സൂചിപ്പിക്കുന്ന സൈൻ ബോർഡ് |

| | | | |
|---|---|---|---|
| | | | പ്രദർശിപ്പിക്കുക;<br>5. ഓരോ നിരത്തുകളിലും വാഹനങ്ങൾ ഓടിക്കാവുന്ന പരമാവധി വേഗത മുൻകൂട്ടി അറിയിക്കുന്നതിന് 'വി.എം. എസ് സിസ്റ്റം' ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുക;<br>6. കാലവർഷാരംഭത്തിന് മുൻകൂട്ടി തന്നെ റോഡുകളുടെ അറ്റകുറ്റപണികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;<br>7. ചെറിയ റോഡ്, പ്രധാന റോഡുമായി ചേരുന്ന സ്ഥലങ്ങളിൽ ഹമ്പുകൾ നിർമ്മിക്കുക;<br>8. ഡ്രൈവർമാരുടെ കാഴ്ച തടസ്സപ്പെടുത്തുന്ന രീതിയിലുള്ള പരസ്യങ്ങൾ സ്ഥാപിക്കാതിരിക്കുന്നതിനും സ്ഥാപിച്ചവ നീക്കം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക;<br>9. പൊതുനിരത്തുകളിൽ യാത്രയ്ക്ക് തടസ്സം സൃഷ്ടിക്കുന്ന രീതിയിലുള്ള വൃക്ഷശിഖരങ്ങൾ മുറിച്ചുമാറ്റുന്നതിനും, അപകടങ്ങൾക്ക് കാരണമാകുന്നരീതിയിൽ നിൽക്കുന്ന വൃക്ഷങ്ങൾ നീക്കം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ ബന്ധപ്പെട്ട വനപാലകർ സ്വീകരിക്കുക;<br>10. കാൽനടയാത്രക്കാർക്കും വാഹന ഗതാഗതത്തിനും തടസ്സം സൃഷ്ടിക്കുന്ന രീതിയിലുള്ള കാണിക്കവഞ്ചികൾ, കൊടിമരങ്ങൾ എന്നിവ അടിയന്തിരമായി നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക;<br>11. സ്കൂൾ/കോളേജ് പാഠ്യപദ്ധതിയിൽ ട്രാഫിക് നിയമങ്ങൾ, റോഡ് സുരക്ഷാ സന്ദേശങ്ങൾ എന്നിവ ഉൾപ്പെടുത്തുക; |

| | | | |
|---|---|---|---|
| | | | 12. എല്ലാ റോഡുകളിലും ബസ് സ്റ്റോപ്പിനോട് ചേർന്ന് 'ബസ്സ്ബേ' നിർമ്മിക്കുക;<br>13. ജംഗ്ഷനുകളിൽ നിന്നും ഏറ്റവും കുറഞ്ഞത് 250 മീറ്റർ അകലെ 'ബസ്സ്ബേ' നിർമ്മിക്കുക;<br>14. റോഡ് വശങ്ങളിൽ മാലിന്യവസ്തുക്കൾ, നിർമ്മാണസാമഗ്രികൾ എന്നിവ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക;<br>15. റോഡുകളിൽ അപകട സാധ്യത സ്ഥലങ്ങളിൽ 'ഇലക്ട്രോണിക് ഫ്ളാഷ്' മുന്നറിയിപ്പ് ബോഡുകൾ സ്ഥാപിക്കുക;<br>16. റോഡ് നിയമം ലംഘിക്കുന്നവരിൽ നിന്നും പിഴ ഇടാക്കുന്നതിന് ആധുനിക ഇലക്ട്രോണിക്ക് സംവിധാനം ഉപയോഗപ്പെടുത്തുക;<br>17. ട്രാഫിക്ക് മാനേജ്മെന്റിന് ആധുനിക ഇന്റലിജന്റ് ട്രാൻസ്പോർട്ടേഷൻ സംവിധാനം ഏർപ്പെടുത്തുക;<br>18. മോട്ടോർ വാഹന നിയമങ്ങൾ ലംഘിക്കുന്നവർക്ക് നിലവിലുള്ള ശിക്ഷ അപര്യാപ്തമായതിനാൽ പിഴയും ശിക്ഷയും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക;<br>19. അപകടത്തിന് ശേഷം യാതൊരു നടപടിയും സ്വീകരിക്കാതെ വാഹനത്തിൽ നിന്നും ഓടി മറയുന്ന ഡ്രൈവർമാർക്കെതിരെ കുറ്റം ചുമത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക;<br>20. ഒരു ജില്ലയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഇരുചക്രവാഹനം മറ്റൊരു ജില്ലയിൽ പ്രവേശിക്കുവാൻ പ്രത്യേക അനുവാദം നേടണമെന്ന് നിഷ്കർഷിക്കുക;<br>21. ഇരുചക്ര വാഹനങ്ങളുടെ പരമാവധി |

വേഗത 40-50 കിലോമീറ്ററായി നിജപ്പെടുത്തുക;

22. ഭടൻമാർ, പോലീസ്, ഫയർഫോഴ്സ്, റോഡ് സുരക്ഷാ സേന എന്നിവർക്ക് മാത്രമായി അതിവേഗഇരുചക്ര വാഹനങ്ങളുടെ ഉപയോഗങ്ങൾ നിജപ്പെടുത്തുക;
23. എല്ലാ വാഹനങ്ങളിലും GPS & RFID എന്നീ സംവിധാനം ഏർപ്പെടുത്തുക;
24. പെട്രോൾ ബങ്കുകളുടെ സ്ഥാനങ്ങൾ മുൻകൂട്ടി അറിയിക്കുന്നതിലേയക്ക് പൊതുനിരത്തുകളിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുക;
25. എല്ലാ വാഹനങ്ങളിലും 'ഡാഷ് ബോർഡ്' ക്യാമറ നിർബന്ധമാക്കുക;
26. വാഹനങ്ങളിൽ ഹാലജൻ ലൈറ്റുകൾ ഘടിപ്പിക്കുന്നത് കുറ്റകരമാക്കുക;
27. വാഹനങ്ങളുടെ ഇനമനുസരിച്ച് ഹോൺ ഘടിപ്പിക്കുന്നത് ക്രമീകരിക്കുക;
28. എല്ലാ വാഹനങ്ങളുടേയും ഹെഡ് ലൈറ്റുകൾ പകുതി കറുത്ത പെയിന്റ് ചെയ്യുക;
29. ടിപ്പർ ലോറികളിൽ സ്പീഡ് ഗവർണേഴ്സ് സ്ഥാപിക്കുക;
30. ഓട്ടോമൊബൈയിൽ വർക്ക്ഷോപ്പുകളിൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുക;
31. ബസ്സുകളിലും ലോറികളിലും മുൻ-പിൻ ഭാഗങ്ങളിൽ രണ്ട് അടി ഉയരത്തിൽ 'ഷോക്ക് അബ്സോർബർ' സ്ഥാപിക്കുക;
32. മദ്യപിച്ച് വാഹനം ഓടിക്കൽ, പ്രായപൂർത്തിയാകാതെ വാഹനം ഓടിക്കൽ എന്നിവ ശ്രദ്ധയിൽപ്പെടുമ്പോൾ ആയത് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്ന

| | | | |
|---|---|---|---|
| | | | തിന് പൊതുജനങ്ങൾക്ക് അധികാരം നൽകുന്ന ചട്ടങ്ങൾ രൂപീകരിക്കുക;<br>33. ഇൻഷുറൻസ് ചെയ്യപ്പെട്ടതിനുശേഷം മാത്രം വാഹനങ്ങളുടെ പെർമിറ്റ് പുതുക്കി നൽകുക;<br>34. നഗരങ്ങളിൽ കൂടി കടന്നുപോകുന്ന ദേശീയ പാതകൾക്ക് 'സബ് വേ' നിർമ്മിക്കുക;<br>35. രാത്രികാലങ്ങളിൽ വാഹനം ഓടിക്കുമ്പോൾ എതിരെ വരുന്ന ഡ്രൈവർമാരുടെ കാഴ്ച മങ്ങാതിരിക്കുന്നതിന് – ഉതകുന്ന വിധത്തിൽ വാഹനത്തിന്റെ ലൈറ്റ് 'ഡിം' ചെയ്യുന്നത് നിർബന്ധമാക്കുക;<br>36. സ്കൂൾ പരീക്ഷകളിലും ജോലി ലഭിക്കുന്നതിനുള്ള പരീക്ഷകളിലും, റോഡ് സുരക്ഷാ നിയമങ്ങൾ സംബന്ധിച്ച് ഏറ്റവും കുറഞ്ഞത് അഞ്ചു മാർക്കിനുള്ള ചോദ്യങ്ങളെങ്കിലും ഉൾപ്പെടുത്തുക. |
| (സി) | കമ്മീഷന്റെ പ്രായോഗിക നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; | (സി) യും (ഡി) യും | കമ്മീഷൻ റിപ്പോർട്ട് പരിശോധിച്ച് വരുന്നതേയുള്ളൂ. |
| (ഡി) | ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ